(8) അക്രമസംഭവങ്ങൾ

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിൽ കൂടൽ ഇഞ്ചപ്പാറ ജംഗ്ഷനിൽ 28-2-2010-ന് വൈകുന്നേരം 7.00 മണിയോടുകൂടി മുന്ന് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ നൂറിലധികം വരുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വ്യാപകമായ അക്രമം അഴിച്ചുവിടുകയുണ്ടായി. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മൽസരിച്ച ശ്രീ. മാത്യു മുളകുപാടനേയും അദ്ദേഹത്തിന്റെ മകൻ റിനോ മാത്യുവിനേയും ജംഗ്ഷനിൽ നിന്നിരുന്ന നിരപരാധികളായ നിരവധി ആളുകളേയും യാതൊരു പ്രകോപനവുമില്ലാതെ പ്രസ്തുത സംഘം ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. ഇഞ്ചപ്പാറ ജംഗ്ഷനിൽ കിടന്നിരുന്ന ഒരു മാരുതിക്കാറിന്റെ ചില്ലുകൾ അടിച്ചുതകർത്തു. മാത്യു മുളകുപാടം കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ചു എന്നുള്ളതാണ് ആക്രമണത്തിനുള്ള കാരണം. 23-12-2010-ലും 24.12-2010-ലും അദ്ദേഹത്തിന്റെ വീടിന് നേരെ പടക്കമെറിയുകയുണ്ടായി. ഇത്തരത്തിലുള്ള ഭീകരാന്തരീക്ഷം ഉണ്ടാക്കി സമാധാനാന്തരീക്ഷം തകർക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. ഇന്നലെ ആ പ്രദേശത്ത് ഹർത്താൽ ആചരിക്കുകയുണ്ടായി. അക്രമികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് സമാധാനാന്തരീക്ഷം നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 26-12-2010-ന് അടികൃഷ്ണൻ എന്ന ആളെ അദ്ദേഹത്തിന്റെ വീടിനുമുമ്പിൽ വച്ച് പടക്കം പൊട്ടിച്ചതു സംബന്ധിച്ച് വാക്കുതർക്കമുണ്ടായതിനെത്തുടർന്ന് 27-12-2010-ന് രാത്രി 9.00 മണിക്ക് കൂടൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഇഞ്ചപ്പാറ-ഏത്തിപ്പടി റോഡിൽവച്ച് റിനോ മാത്യു എന്നയാൾ അടികൃഷ്ണനെ ദേഹോപദ്രവം ഏൽപ്പിച്ചു എന്നൊരു പരാതിയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ക്രൈം 431/2010-ാം നമ്പരായി കൂടൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ട് 28-12-2010-ന് 6.00 മണിയോടുകൂടി കുറേപ്പേർ ഇഞ്ചപ്പാറ ജംഗ്ഷനിൽ പ്രകടനം നടത്തി. പ്രകടനം പിരിഞ്ഞശേഷം ചിലർ ചേർന്ന് ഇഞ്ചപ്പാറ ജംഗ്ഷന് സമീപം വച്ച് റിനോ മാത്യുവിനേയും പിതാവായ മാത്യു മുളകുപാടനേയും ദേഹോപദ്രവം ഏൽപ്പിക്കുകയും സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന കാറിന്റെ ഗ്ലാസ് അടിച്ചു തകർക്കുകയും ചെയ്തുവെന്നാണ് പരാതി ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്യു മുളകുപാടന്റെ മൊഴിപ്രകാരം ക്രൈം 432-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് കൂടൽ പോലീസ് അന്വേഷണം നടത്തിവരുന്നുണ്ട്. മാത്യു മുളകുപാടനും മകനും കോന്നി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയതായിട്ടാണ് വിവരം ലഭിച്ചത്. ഈ കേസിൽ 11 പ്രതികളാണുള്ളത്. അതിൽ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി പ്രതികളെ എത്രയും വേഗം പിടികൂടുന്നതിനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതാണ്. അടികൃഷ്ണനെ ദേഹോപദ്രവം ഏൽപ്പിച്ച കേസിൽ റിനോ മാത്യുവിനെ 29-ാം തീയതി അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അവിടെ ക്രമസമാധാനം നിലനിർത്തുന്നതിനാവശ്യമായ നിർദ്ദേശം എസ്.പിയ്ക്ക് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly